# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1411 3.10.2016 ൽ മറുപടിയ്ക്ക്

**<u>മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പദ്ധതികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.റ്റി.വി.രാജേഷ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിലെ SPACE എന്ന NGO യുമായി സഹകരിച്ച് പരിശീലന പരിപാടി നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സൈക്യാട്രിക് സപ്പോർട്ട് നൽകുന്നതിനും ഇവർക്ക് നൽകി വരുന്ന ശുശ്രൂഷ മെച്ചപ്പെടുത്തുന്നതിനുമായി കോഴിക്കോട് ഇംഹാൻസ് മുഖേന ഡിസ്ട്രിക്ട് സൈക്യാട്രിക് റീഹാബിലിറ്റേഷൻ പ്രോജക്ട് നടപ്പിലാക്കി വരുന്നു.<br>മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന 'ആശ്വാസകിരണം പദ്ധതി' നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ ബുദ്ധിപരവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നവർക്ക് വരുമാന പരിധി ബാധകമാക്കാതെ പ്രതിമാസം 525/- രൂപ വീതം ധനസഹായം അനുവദിച്ചു വരുന്നു.<br>ആരോഗ്യ വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു<br>1. സമഗ്ര മാനസികാരോഗ്യ പദ്ധതി- എല്ലാ ജില്ലയിലും മാനസിക രോഗം ഭേദമായവർക്ക് പകൽ സമയ പരിചരണത്തിനായി പകൽ വീടുകൾ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ നിലവിൽ 27 പകൽ വീടുകളുണ്ട്. കൂടാതെ 2016-17 ൽ 4 പുതിയ പകൽ വീടുകൾ കൂടെ തുടങ്ങാൻ പദ്ധതിയുണ്ട്. പകൽ സമയ പരിചരണം, സൗജന്യ ആഹാരം, സൗജന്യ മരുന്നുകൾ, റീഹാബിലിറ്റേഷൻ തെറാപ്പി എന്നിവ നൽകി വരുന്നു.<br>2. ജില്ലാ സാമൂഹ്യ മാനസികാരോഗ്യ പദ്ധതി - എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ |

| | |
|---|---|
| | കേന്ദ്രങ്ങളിലും ഡോക്ടർമാർ അടങ്ങുന്ന ഒരു ടീം എല്ലാ മാസവും നിശ്ചിത ദിവസങ്ങളിൽ മാനസിക രോഗികളെ ചികിത്സിക്കാൻ എത്തുന്നു. ഈ പദ്ധതിയുടെ പ്രയോജനം മാനസിക രോഗികൾക്ക് സാമൂഹികാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്ര തലത്തിൽ ചികിത്സ ലഭ്യമാക്കുന്നു എന്നതാണ്. കൌൺസിലിംഗ് കൂടാതെ മരുന്നുകളും സൌജന്യമായി ലഭ്യമാക്കുന്നു. രോഗികളുടെ താമസ സ്ഥലത്തിനടുത്ത് തന്നെ മാനസിക ചികിത്സ ലഭ്യമാക്കുന്നതുകൊണ്ട് മാനസികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആസ്ഥാനങ്ങളിലുള്ള ആശുപത്രികളിൽ പോകാതെ തന്നെ ചികിത്സ ലഭ്യമാക്കുന്നു. കൂടാതെ മാനസിക രോഗത്തിനുള്ള മരുന്നുകളും ഇടതടവില്ലാതെ ലഭ്യമാക്കുന്നു. നാല് ജില്ലകളിൽ കൂടി പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2016-17 ൽ മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കുന്നു. കോഴിക്കോട്, ഇടുക്കി, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലാണ് പുതിയതായി ഈ പദ്ധതി നടപ്പിലാക്കുന്നത്. കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലും മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കാസർകോഡ്, മലപ്പുറം, പാലക്കാട്, എറണാകുളം, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതി നടപ്പിലാക്കി വരുന്നു.<br>3. ലഹരി വിമുക്തി കേന്ദ്രങ്ങൾ- താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തൃപ്പൂണിത്തുറ, ജനറൽ ആശുപത്രി, എറണാകുളം, ജനറൽ ആശുപത്രി, ആലപ്പുഴ, ജില്ലാ ആശുപത്രി, കൊല്ലം എന്നീ സ്ഥാപനങ്ങളിലും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളിലും ലഹരി വിമുക്തി കേന്ദ്രങ്ങൾ തുടങ്ങാനുള്ള പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്. |
| (ബി) ഇവയ്ക്ക് പുറമേ പ്രസ്തുത വിഭാഗക്കാർക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) സ്പെഷ്യൽ സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കിയ 16 വയസ്സ് കഴിഞ്ഞ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പാങ്ങപ്പാറ CH മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചാലഞ്ച്ഡിൽ വച്ച് തൊഴിൽ പരിശീലനം നൽകുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാം- സ്കൂൾ തലത്തിലെ കുട്ടികൾക്ക് പഠന വൈകല്യം, മാനസിക രോഗം എന്നിവ കണ്ടുപിടിക്കുന്നതിനുള്ള ഈ പദ്ധതി ഈ വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. |

| | |
|---|---|
| (സി) ഇവർക്ക് സൌജന്യ ചികിത്സയും അവശ്യ മരുന്നുകളും മുടക്കമില്ലാതെ ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (സി) ജില്ലാ സാമൂഹിക ആരോഗ്യ പദ്ധതികൾ മുഖേന എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നിശ്ചിത ദിവസങ്ങളിൽ എല്ലാ മാസവും ഡോക്ടർമാർ ഉൾപ്പെട്ട സംഘം എത്തി മാനസിക രോഗികളെ പരിശോധിക്കുകയും അവർക്ക് ആവശ്യമായ മരുന്നുകൾ സൌജന്യമായി നൽകുകയും ചെയ്യുന്നു. ജില്ലാ സാമൂഹികാരോഗ്യ ടീം നൽകുന്ന ഇൻഡന്റ് പ്രകാരം മരുന്നുകൾ മുടങ്ങാതെ നൽകി വരുന്നു. കൂടാതെ സമഗ്ര മാനസികാരോഗ്യ പദ്ധതി വഴിയും തുടർ ചികിത്സ ഉറപ്പാക്കാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ